भारत का राजपत्र
THE GAZETTE OF INDIA
ഭാരതത്തിന്റെ ഗസറ്റ്
असाधारण
EXTRAORDINARY
അസാധാരണം
भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I
प्राधिकार से प्रकाशित
Published by Authority
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4494 | नई दिल्ली | शनिवार | 31 दिसंबर 2022/ | 10. पौष, 1944 (शक) | खण्ड | 11 |
| No. 4494 | NEW DELHI | Saturday | 31 December 2022/ | 10. Pousha, 1944 (Saka) | Vol. | 11 |
| നമ്പർ 4494 | ന്യൂഡൽഹി | ശനിയാഴ്ച | 31 ഡിസംബർ 2022/ | 10. പൌഷം, 1944 (ശക) | വാല്യം | 11 |


## MINISTRY OF LAW AND JUSTICE

## (Legislative Department)

*New Delhi, 8th April, 2022/18 Chaithra, 1944 (Saka).*

The translation in Malayalam of The Science and Engineering Research Board Act, 2008 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

2008–ലെ ശാസ്ത്ര–എൻജിനീയറിംഗ് ഗവേഷണ ബോർഡ് ആക്റ്റിന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9226/2022/S4.

# ശാസ്ത്ര–എൻജിനീയറിംഗ് ഗവേഷണ ബോർഡ് ആകറ്റ്, 2008

(2009–ലെ 9–ാം നമ്പർ ആക്റ്റ്)

ശാസ്ത്രത്തിലും എൻജിനീയറിംഗിലും അടിസ്ഥാന ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു ബോർഡ് രൂപീകരിക്കുന്നതിനും അങ്ങനെയുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും വിദ്യാസംബന്ധമായ സ്ഥാപനങ്ങൾക്കും ഗവേഷണ–വികസന പരീക്ഷണശാലകൾക്കും വ്യാവസായിക സ്ഥാപനങ്ങൾക്കും അങ്ങനെയുള്ള ഗവേഷണത്തിന് വേണ്ടിയുള്ള മറ്റ് ഏജൻസികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു
ആകറ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ശാസ്ത്ര–എൻജിനീയറിംഗ് ഗവേഷണ ബോർഡ് ആക്റ്റ്, 2008 എന്ന് പേര് പറയാം.

(2) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ''ബോർഡ്'' എന്നാൽ 3–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ശാസ്ത്ര–എൻജിനീയറിംഗ് ഗവേഷണ ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) ''ചെയർപേഴ്സൺ'' എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) ''നിധി'' എന്നാൽ 10–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട, ശാസ്ത്ര–എൻജിനീയറിംഗ് ഗവേഷണത്തിനു വേണ്ടിയുള്ള നിധി എന്നർത്ഥമാകുന്നു;

(ഘ) ''അംഗം'' എന്നാൽ ബോർഡിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ങ) "ഓവർസൈറ്റ് കമ്മിറ്റി" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട വിദഗദ്ധരുടെ ഓവർസൈറ്റ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(ച) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഛ) "സെക്രട്ടറി" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട, ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ശാസ്ത്ര-എൻജിനീയറിംഗ് ഗവേഷണ ബോർഡ്

3. ബോർഡിന്റെ രൂപീകരണവും ഏകാംഗീകരണവും.—(1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ശാസ്ത്ര-എൻജിനീയറിംഗ് ഗവേഷണ ബോർഡ് എന്നു വിളിക്കപ്പെടുന്ന ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, കരാറിൽ ഏർപ്പെടുന്നതിനുള്ള അധികാരത്തോടുകൂടിയ, ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയുമുള്ള മുൻപറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ താഴെപ്പറയുന്ന ആളുകൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(ക) ശാസ്ത്ര-സാങ്കേതിക ശാസ്ത്ര വകുപ്പിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ — ചെയർപേഴ്സൺ;

(ഖ) ആസൂത്രണ കമ്മീഷൻ മെമ്പർ-സെക്രട്ടറി, ഔദ്യോഗിക നിലയിൽ— അംഗം;

(ഗ) ജൈവസാങ്കേതികവിദ്യാ വകുപ്പിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ—അംഗം;

(ഘ) ശാസ്ത്ര-വ്യാവസായിക ഗവേഷണ വകുപ്പിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ — അംഗം;

(ങ) ഭൗമശാസ്ത്ര മന്ത്രാലയത്തിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ — അംഗം;

(ച) ധനകാര്യ മന്ത്രാലയം, എക്സ്പെൻഡിച്ചർ വകുപ്പിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറിയോ അദ്ദേഹത്തിന്റെ നിർദ്ദിഷ്ടനാമാവോ, ഔദ്യോഗിക നിലയിൽ — അംഗം;

(ഛ) ആരോഗ്യ ഗവേഷണ വകുപ്പിലെ ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ — അംഗം;

(ജ) വിദ്യാസംബന്ധമായ സ്ഥാപനങ്ങളിൽ വ്യത്യസ്ത വിജ്ഞാന ശാഖകളിൽ ശാസ്ത്രീയ ഗവേഷണത്തിൽ പരിജ്ഞാനമുള്ള ആളുകൾക്കിടയിൽ നിന്നും കേന്ദ്ര സർക്കാർ നിയമിക്കേണ്ട മൂന്നിൽ കൂടാത്ത അംഗങ്ങൾ;

(ത്സ) സർക്കാർ ഗവേഷണ പരീക്ഷണശാലകളിൽ വ്യത്യസ്ത വിജ്ഞാന ശാഖകളിൽ ശാസ്ത്രീയ ഗവേഷണത്തിൽ പരിജ്ഞാനമുള്ള ആളുകൾക്കിടയിൽ നിന്നും കേന്ദ്രസർക്കാർ നിയമിക്കേണ്ട മൂന്നിൽ കൂടാത്ത അംഗങ്ങൾ;

(ഞ) വ്യവസായത്തിലും ശാസ്ത്രത്തേയും സാങ്കേതിക ശാസ്ത്രത്തേയും കുറിച്ചുള്ള അന്താരാഷ്ട്ര പ്രോജക്റ്റുകളിലും സാമൂഹ്യ-സാമ്പത്തിക മേഖലകളിലും മറ്റ് സർക്കാർ ഗവേഷണ പരീക്ഷണശാലകളിലും വ്യത്യസ്ത വിജ്ഞാനശാഖകളിൽ ശാസ്ത്രീയ ഗവേഷണത്തിൽ പരിജ്ഞാനമുള്ള ആളുകൾക്കിടയിൽ നിന്നും കേന്ദ്രസർക്കാർ നിയമിക്കേണ്ട നാലിൽ കൂടാത്ത അംഗങ്ങൾ.

(4) ബോർഡിന്റെ ആസ്ഥാന കാര്യാലയം ഡൽഹിയിലോ ദേശീയ തലസ്ഥാന പ്രദേശത്തോ ആയിരിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് (ജ) മുതൽ (ഞ) വരെ ഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള അംഗങ്ങളുടെ യോഗ്യതകളും പരിചയവും ഉദ്യോഗകാലാവധിയും ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(6) ചെയർപേഴ്സൺ, ബോർഡിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിന് പുറമേ, നിർണ്ണയിക്കപ്പെടാവുന്നതോ ബോർഡ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതും ആണ്.

(7) ബോർഡിന്റെ, യാതൊരു പ്രവൃത്തിയോ നടപടിക്രമമോ—

(ക) ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയോ;

(ഖ) ബോർഡിലെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിൽ ഏതെങ്കിലും ന്യൂനതയോ;

(ഗ) ബോർഡിന്റെ നടപടിക്രമത്തിൽ, കേസിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത, ഏതെങ്കിലും ക്രമക്കേടോ

ഉണ്ട് എന്ന കാരണത്താൽ മാത്രം അസാധുവാക്കാൻ പാടില്ലാത്തതാണ്.

4. <u>ബോർഡിന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും</u>.—(1) ബോർഡിന്, കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ശ്രേഷ്ഠനായ ഒരു ശാസ്ത്രജ്ഞനെ ബോർഡിന്റെ സെക്രട്ടറിയായി നിയമിക്കാവുന്നതാണ്.

(2) ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(3) ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും യോഗത്യകളും പരിചയവും ശമ്പളവും ബത്തകളും ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും ഉപാധികളും ബോർഡ് ഉണ്ടാക്കുന്ന റെഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(4) ബോർഡിന്, ബോർഡ് ഉണ്ടാക്കുന്ന റെഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിൻമേലും ഉപാധികളിൻമേലും പ്രതിഫലങ്ങളിൻമേലും കൺസൾട്ടന്റുമാരായും, സന്ദർശക ശാസ്ത്രജ്ഞൻമാരായും രാജ്യത്തിനകത്തും പുറത്തും നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഏർപ്പെടുത്താവുന്നതും രാജ്യത്തിനുള്ളിലെ അവരുടെ പ്രവർത്തനങ്ങൾ സുകരമാക്കേണ്ടതുമാണ്.

5. <u>വിദഗ്ദ്ധരുടെ ഓവർസൈറ്റ് കമ്മിറ്റി</u>.—(1) ഇതിലേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി, ബോർഡ്, ബോർഡിനെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനും വിദഗ്ദ്ധരും ശ്രേഷ്ഠരായ ശാസ്ത്രജ്ഞരും പണ്ഡിതരും അടങ്ങുന്ന വിദഗ്ദ്ധരുടെ ഒരു ഓവർസൈറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓവർസൈറ്റ് കമ്മിറ്റിയിൽ താഴെപ്പറയുന്ന ആളുകൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(i) ശ്രേഷ്ഠതയും അന്താരാഷ്ട്ര ഖ്യാതിയുമുള്ള ഒരു ശാസ്ത്രജ്ഞൻ—ചെയർപേഴ്സൺ;

(ii) ശാസ്ത്ര-സാങ്കേതിക ശാസ്ത്ര വകുപ്പിലെ, ഭാരത സർക്കാരിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ—വൈസ്-ചെയർപേഴ്സൺ;

(iii) ഇൻഡ്യൻ നാഷണൽ സയൻസ് അക്കാദമിയുടെയും ഇൻഡ്യൻ അക്കാദമി ഓഫ് സയൻസസിന്റെയും ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എൻജിനീയറിംഗിന്റെയും പ്രസിഡന്റുമാർ, ഔദ്യോഗിക നിലയിൽ—അംഗങ്ങൾ;

(iv) ശാസ്ത്രത്തിന്റെയും സാങ്കേതികശാസ്ത്രത്തിന്റെയും വ്യത്യസ്ത മേഖലകളിൽ വിശിഷ്ടരായ വിദഗ്ദ്ധർക്കിടയിൽ നിന്നും കേന്ദ്ര സർക്കാർ നിയമിക്കേണ്ട മൂന്നിൽ കൂടാത്ത അംഗങ്ങൾ; കൂടാതെ

(v) ബോർഡിന്റെ സെക്രട്ടറി, ഔദ്യോഗിക നിലയിൽ—അംഗം.

6. <u>ബോർഡിന്റെ സമിതികൾ</u>.—(1) ഇതിലേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും അതിന്റെ ചുതമലകളുടെ നിറവേറ്റലിനും ആവശ്യമായ അങ്ങനെയുള്ള സമിതികളെ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്, ബോർഡിലെ അംഗങ്ങളല്ലാത്ത, അത് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള എണ്ണം ആളുകളെ (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഏതെങ്കിലും സമിതിയിലെ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെടുന്ന ആളിന് സമിതിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിനും സമിതിയുടെ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

7. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—(1) ശാസ്ത്രത്തിലെയും എൻജിനീയറിംഗിലെയും ഉയർന്നുവരുന്ന മേഖലകളിൽ അടിസ്ഥാന ഗവേഷണം ആസൂത്രണം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും വേണ്ടിയുള്ള ഒരു മുഖ്യ ബഹു-വിജ്ഞാനശാഖാ ഗവേഷണ ധനസഹായ ഏജൻസിയായി ബോർഡ് വർത്തിക്കേണ്ടതാണ്.

(2) ബോർഡിന്റെ അധികാരങ്ങളും ചുമതലകളും, മറ്റ് പലതിന്റെയും കൂട്ടത്തിൽ—

(i) ഉയർന്നുവരുന്ന മേഖലകളിൽ അന്തർദ്ദേശീയമായുള്ള മത്സര ഗവേഷണം ആസൂത്രണം ചെയ്യുന്നതിനും പ്രോത്സാപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും ഉള്ള ഒരുമുഖ്യ ബഹു-വിജ്ഞാനശാഖാ ഗവേഷണ ഏജൻസിയായി വർത്തിക്കുന്നതും;

(ii) ഓവർസൈറ്റ് കമ്മിറ്റി നൽകുന്ന ശിപാർശകളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതും അവയിൽ തീരുമാനങ്ങളെടുക്കുന്നതും;

(iii) പ്രധാന അന്തർ-വിജ്ഞാനശാഖാ ഗവേഷണമേഖലകളെയും കൂടാതെ വ്യക്തികളെയോ ഗ്രൂപ്പുകളെയോ സ്ഥാപനങ്ങളെയോ തിരിച്ചറിയുന്നതും അവർക്ക് ഗവേഷണം നടത്തുന്നതിന് ധനസഹായം നൽകുന്നതും;

(iv) സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന, തിരിച്ചറിയപ്പെട്ട വിവിധ മേഖലകളിൽ, ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിൽ ഒരു വർദ്ധക പ്രഭാവം ഉണ്ടാകുന്ന, ദേശീയമായി ഏകോപിപ്പിക്കപ്പെട്ട പരിപാടികൾ ആവിഷ്കരിക്കുന്നതും;

(v) ശാസ്ത്ര സംബന്ധമായ അന്വേഷണത്തിനുവേണ്ട അടിസ്ഥാന സൗകര്യവും പരിതഃസ്ഥിതിയും സജ്ജീകരിക്കുന്നതിൽ സഹായിക്കുന്നതും;

(vi) ശാസ്ത്രത്തിലും എൻജിനീയറിംഗിലും അടിസ്ഥാന ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിദ്യാസംബന്ധമായ സ്ഥാപനങ്ങളും ഗവേഷണ-വികസന പരീക്ഷണശാലകളും വ്യവസായവും തമ്മിൽ കൂട്ടായ പ്രവർത്തനം കൈവരിക്കുന്നതും;

(vii) ആധുനിക മാനേജ്മെന്റ് രീതികൾ സ്വീകരിച്ചുകൊണ്ട് നിരീക്ഷണവും വിലയിരുത്തലും ഉൾപ്പെടെ, ഗവേഷണത്തിനു ത്വരിതഗതിയിൽ ധനസഹായം നൽകൽ ഏർപ്പാട് ചെയ്യുന്നതിന് ഒരു മാനേജ്മെന്റ് സമ്പ്രദായം ആവിഷ്കരിക്കുന്നതും;

(viii) അന്താരാഷ്ട്ര സഹപ്രവർത്തന പദ്ധതികളിൽ ആവശ്യമോ അഭിലഷണീയമോ ആയിട്ടുള്ളിടത്തെല്ലാം ഭാഗഭാഗിത്വം ആവിഷ്കരിക്കുന്നതും;

(ix) നിലവിലുള്ള ശാസ്ത്ര-എൻജിനീയറിംഗ് ഗവേഷണ കൗൺസിൽ പദ്ധതിക്ക് കീഴിൽ കേന്ദ്ര സർക്കാർ നടത്തുന്നതോ ധനസഹായം നൽകുന്നതോ ആയ അടിസ്ഥാന ഗവേഷണ പദ്ധതികളും പരിപാടികളും ഏറ്റെടുക്കലും തുടരലും,

ഉൾപ്പെടുന്നതാണ്;

(3) ബോർഡിന്, (2)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി വ്യക്തികൾക്കും വിദ്യാസംബന്ധമായ സ്ഥാപനങ്ങൾക്കും ഗവേഷണ-വികസന പരീക്ഷണശാലകൾക്കും വ്യവസായങ്ങൾക്കും മറ്റ് സംഘടനകൾക്കും ഗ്രാന്റുകളുടെയും വായ്പകളുടെയും രൂപത്തിൽ ധനസഹായം നൽകാവുന്നതാണ്.

## അദ്ധ്യായം III

## ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ

8. ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ.—(1) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി ധനസഹായം ലഭിക്കുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ബോർഡിന് നൽകേണ്ടതാണ്.

(2) ബോർഡിന്, ആ അപേക്ഷ പരിശോധിച്ചതിനുശേഷവും അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തുകയോ അങ്ങനെയുള്ള സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെടുകയോ ചെയ്തതിന് ശേഷവും, ലിഖിതമായ ഉത്തരവ് മുഖേന, ധനസഹായം അനുവദിക്കുകയോ അത് നിരസിക്കുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

9. കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും വായ്പകളും.—കേന്ദ്ര സർക്കാരിന്, പാർലമെന്റ് ഇതിലേക്കായി നിയമം മുഖേന നടത്തിയ യഥാവിധിയുള്ള. ധനവിനിയോഗത്തിനുശേഷം, ആ സർക്കാർ ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള തുകയ്ക്കുള്ള ഗ്രാന്റുകളും വായ്പകളും ബോർഡിന് നൽകാവുന്നതാണ്.

10. ശാസ്ത്ര-എൻജിനീയറിംഗ് ഗവേഷണത്തിനുവേണ്ടിയുള്ള നിധി.— (1) ശാസ്ത്ര-എൻജിനീയറിംഗ് ഗവേഷണത്തിനുവേണ്ടിയുള്ള നിധി എന്നു വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കപ്പെടേണ്ടതും, ആ നിധിയിലേക്ക്—

(ക) 9-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ ബോർഡിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും വായ്പകളും;

(ഖ) ബോർഡ് സ്വീകരിക്കുന്ന മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നുള്ള സംഭാവനകൾ ഉൾപ്പെടെയുള്ള എല്ലാ തുകകളും;

(ഗ) നിധിയിൽനിന്നും അനുവദിച്ച തുകകളിൽനിന്നും നടത്തിയ വസൂലാക്കലുകളും;

(ഘ) നിധിയിലെ തുകയുടെ നിക്ഷേപത്തിൽനിന്നുള്ള ഏതെങ്കിലും വരുമാനവും,

വരവുവയ്ക്കപ്പെടേണ്ടതാണ്.

(2) നിധി—

(ക) ഈ ആക്റ്റിനാൽ പ്രാധികാരം നൽകിയിട്ടുള്ള ലക്ഷ്യത്തിനും ആവശ്യങ്ങൾക്കു വേണ്ടിയുള്ള ചെലവുകളും;

(ഖ) ബോർഡിലെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് ചെലവുകളും;

(ഗ) കൺസൾട്ടന്റുമാരുടെയും സന്ദർശക ശാസ്ത്രജ്ഞരുടെയും പ്രതിഫലങ്ങളും;

(ഘ) ഈ ആക്റ്റ് പ്രകാരം ബോർഡിന് അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിനുള്ള ചെലവുകളും,

വഹിക്കുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ്.

11. <u>ബജറ്റ്.</u>—ബോർഡ് ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബോർഡിന്റെ കണക്കാക്കപ്പെട്ട വരവുകളും ചെലവും കാണിക്കുന്ന, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള അതിന്റെ ബജറ്റ് തയ്യാറാക്കേണ്ടതും ആയത് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

12. <u>വാർഷിക റിപ്പോർട്ട്.</u>—ബോർഡ് ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുൻ സാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു പൂർണ്ണവിവരണം നൽകുന്ന അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

13. <u>കണക്കുകളും ആഡിറ്റും.</u>—(1) ബോർഡ്, ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും വച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനോ ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് സർക്കാർ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച്, പുസ്തകങ്ങളുടെയും കണക്കുകളുടെയും ബന്ധപ്പെട്ട വൗച്ചറുകളുടെയും മറ്റു രേഖകളുടെയും പ്രമാണങ്ങളുടെയും ഹാജരാക്കൽ ആവശ്യപ്പെടുന്നതിനും ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ ഓഫീസുകളിൽ ഏതെങ്കിലും പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) ബോർഡിന്റെ കണക്കുകൾ വർഷംതോറും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് നേരിട്ട ഏതെങ്കിലും ചെലവ് ബോർഡ് കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(4) ബോർഡ്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിക്ക് മുമ്പ്, അതിന്റെ ആഡിറ്റ് ചെയ്ത കണക്കുകളുടെ പകർപ്പ് ആഡിറ്ററുടെ റിപ്പോർട്ട് സഹിതം കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

14. വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—കേന്ദ്രസർക്കാർ വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും, അവ കൈപ്പറ്റിയതിനു ശേഷം, കഴിയുന്നത്രവേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കുന്നതിന് ഇടയാക്കേണ്ടതാണ്.

## അദ്ധ്യായം V
## പലവക

15. റിട്ടേണുകൾ ബോർഡിന് നൽകണമെന്ന്.—(1) ബോർഡിൽ നിന്നും ധനസഹായം കൈപറ്റുന്ന ഒരു വ്യവസായ സ്ഥാപനം അല്ലെങ്കിൽ ഒരു സ്ഥാപനം റെഗുലേഷനുകളാൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബോർഡിന് റിട്ടേൺ നൽകേണ്ടതാണ്.

(2) ബോർഡിന്, ഈ വകുപ്പ് പ്രകാരം നൽകുന്ന ഏതെങ്കിലും റിട്ടേണിന്റെ കൃത്യത പരിശോധിക്കുന്നതിന് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനം അല്ലെങ്കിൽ സ്ഥാപനം ഏതു സമയത്തും സന്ദർശിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്.

16. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അധികാരം.—(1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ബോർഡ്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിൽ, നയപ്രശ്നങ്ങളിന്മേൽ അതിന് അപ്പോഴപ്പോൾ കേന്ദ്രസർക്കാർ ലിഖിതമായി നൽകാവുന്ന, അങ്ങനെയുള്ള നിർദ്ദേശങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കേണ്ടതാണ്.

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിനുമുമ്പ്, ബോർഡിന്, പ്രായോഗികമാകുന്നിടത്തോളം, അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരം നൽകേണ്ടതാണ്.

(2) ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്ന കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

17. ബോർഡിനെ അതിലംഘിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം..—(1) ഏതെങ്കിലും സമയത്ത് കേന്ദ്രസർക്കാരിന്,—

(ക) ഗുരുതരമായ അടിയന്തര കാരണത്താൽ ബോർഡിന്, ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അവയ്ക്ക് കീഴിലോ അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് കഴിയാതിരിക്കുന്നുവെന്നോ;

(ഖ) ബോർഡ് ഈ ആക്റ്റ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശം പാലിക്കുന്നതിലോ ആക്റ്റിലെ വ്യവസ്ഥകളാലോ അവയ്ക്ക് കീഴിലോ അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള ചുമതലകളുടെയും കർത്തവ്യങ്ങളുടെയും നിർവ്വഹണത്തിലോ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നും അങ്ങനെയുള്ള വീഴ്ചയുടെ ഫലമായി ബോർഡിന്റെ സാമ്പത്തിക സ്ഥിതിയോ ബോർഡിന്റെ ഭരണ നിർവ്വഹണമോ ക്ഷയിച്ചിട്ടുണ്ടെന്നോ;

(ഗ) പൊതുതാൽപര്യത്തിൽ അപ്രകാരം ചെയ്യുന്നത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്നോ;

അഭിപ്രായമുണ്ടെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ആ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന, ആറുമാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് ബോർഡിനെ അതിലംഘിക്കാവുന്നതാണ്.

(2) ബോർഡിനെ അതിലംഘിച്ചുകൊണ്ട് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തിന്മേൽ,—

(ക) അതിലംഘന തീയതി മുതൽ എല്ലാ അംഗങ്ങളും ആ നിലയിൽ അവരുടെ ഉദ്യോഗങ്ങൾ ഒഴിയേണ്ടതാണ്;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അവയ്ക്ക് കീഴിലോ ബോർഡിനോ ബോർഡിന് വേണ്ടിയോ വിനിയോഗിക്കാവുന്നതോ നിർവ്വഹിക്കാവുന്നതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പ് പ്രകാരം ബോർഡ് പുനർ രൂപീകരിക്കപ്പെടുന്നതുവരെ കേന്ദ്രസർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആളോ ആളുകളോ വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്; കൂടാതെ

(ഗ) ബോർഡിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ വസ്തുക്കളും (3)-ാം ഉപവകുപ്പ് പ്രകാരം ബോർഡ് പുനർരൂപീകരിക്കപ്പെടുന്നതുവരെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിലംഘന കാലാവധി അവസാനിക്കുന്നതിന്മേൽ കേന്ദ്രസർക്കാരിന് ഒരു പുതിയ നിയമനം മുഖേന ബോർഡ് പുനർരൂപീകരിക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പിലെ (ക) ഖണ്ഡപ്രകാരം അവരുടെ ഉദ്യോഗങ്ങൾ ഒഴിഞ്ഞ ഏതെങ്കിലും ആളോ ആളുകളോ നിയമനത്തിന് അയോഗ്യരായി കരുതപ്പെടാൻ പാടില്ലാത്തതുമാണ്:

എന്നാൽ, കേന്ദ്രസർക്കാരിന് അതിലംഘന കാലാവധി അവസാനിക്കുന്നതിനുമുമ്പ്, ഏതു സമയത്തും, ഈ ഉപവകുപ്പ് പ്രകാരം നടപടിയെടുക്കാവുന്നതാണ്.

(4) കേന്ദ്രസർക്കാർ, (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനവും ഈ വകുപ്പ് പ്രകാരം എടുത്ത ഏതെങ്കിലും നടപടിയുടെയും അങ്ങനെയുള്ള നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങളുടെയും ഒരു പൂർണ്ണ റിപ്പോർട്ടും എത്രയുംവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കാൻ ഇടയാക്കേണ്ടതാണ്.

18. <u>ഏൽപ്പിച്ചു കൊടുക്കൽ.</u>—ബോർഡിന്, സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ ഉത്തരവ് മുഖേന, അത് ആവശ്യമെന്ന് കരുതാവുന്ന, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും (21-ാം വകുപ്പ് പ്രകാരമുള്ള അധികാരം ഒഴികെ) ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളും പരിമിതികളും വിധേയമായി, എന്തെങ്കിലും ഉണ്ടെങ്കിൽ, ബോർഡിന്റെ ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗത്തിനോ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

19. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.</u>—ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിന്, കേന്ദ്ര സർക്കാരിനോ ബോർഡിനോ അത് നിയമിച്ച ഏതെങ്കിലും സമിതിക്കോ ബോർഡിലെയോ അങ്ങനെയുള്ള സമിതിയിലെയോ ഏതെങ്കിലും അംഗത്തിനോ, സർക്കാരിന്റെയോ ബോർഡിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ കേന്ദ്ര സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയ മറ്റ് ഏതെങ്കിലും ആൾക്കോ എതിരായി യാതൊരു പ്രോസിക്യൂഷനോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

20. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.</u>—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസ്റ്റിൽ വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ബോർഡിലെ അംഗങ്ങളുടെ യോഗ്യതകൾക്കും പരിചയത്തിനും ഉദ്യോഗ കാലാവധിയ്ക്കും മറ്റ് ബത്തകൾക്കും;

(ഖ) 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സന്റെ അധികാരങ്ങൾക്കും കർത്തവ്യങ്ങൾക്കും;

(ഗ) 5-ാം വകുപ്പ് പ്രകാരം ഓവർസൈറ്റ് കമ്മിറ്റിയുടെ രൂപീകരണത്തിന്;

(ഘ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സമിതികളുടെ രൂപീകരണത്തിന്;

(ങ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷയുടെ ഫാറത്തിന്;

(ച) ബോർഡ്, 11-ാം വകുപ്പ് പ്രകാരം അതിന്റെ ബജറ്റും 12-ാം വകുപ്പ് പ്രകാരം അതിന്റെ വാർഷിക റിപ്പോർട്ടും തയ്യാറാക്കേണ്ട ഫാറത്തിനും സമയത്തിനും;

(ഛ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറത്തിനും ആ വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം കണക്കുകളുടെ ആഡിറ്റ് ചെയ്ത പകർപ്പ് കേന്ദ്ര സർക്കാരിന് നൽകാവുന്നത് ഏതു തീയതിക്ക് മുമ്പാണെന്നതിനും;

(ജ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ഏതിനെ സംബന്ധിച്ചാണോ വ്യവസ്ഥ ഉണ്ടാക്കപ്പെടേണ്ടതോ ഉണ്ടാക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിന്.

21. <u>റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള ബോർഡിന്റെ അധികാരം</u>.—(1) ബോർഡിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ഈ ആക്റ്റിനോടും ചട്ടങ്ങളോടും പൊതുവായി പൊരുത്തപ്പെടുന്ന റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റെഗുലേഷനുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും യോഗ്യതകളും പരിചയവും ശമ്പളവും ബത്തകളും ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾക്കും ഉപാധികൾക്കും;

(ഖ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന് റിട്ടേണുകൾ നൽകാവുന്ന ഫാറത്തിനും സമയത്തിനും.

22. <u>ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്</u>.—ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും ഓരോ റെഗുലേഷനും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ട് പിന്നാലെ വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും ആ ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവ ശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിലോ റെഗുലേഷനുകീഴിലോ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.